**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 206** **01-02-2023 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ; | (എ) | **23.01.2018 ലെ സ.ഉ(സാധാ) നം. 258/2018/ ആ.ക.വ പ്രകാരം കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തി** |
| (ബി) | പ്രസ്തുത ആശുപത്രിയ്ക്ക് ആവശ്യമായ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തികകളടക്കം സൃഷ്ടിച്ച് ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | **ആർദ്രം പ്രകാരം താലൂക്ക്/ജില്ലാ/ ജനറൽ ആശുപത്രിയിൽ ഘട്ടം ഘട്ടമായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ആയതിന്റെ ഭാഗമായി സ്റ്റാഫ് നഴ്സ് -6, ലാബ് ടെക്നീഷ്യൻ - 1, ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) -1, സി.എം.ഒ-1, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I-1, ഫാർമസിസ്റ്റ് -1എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.** |
| (സി) | മലപ്പുറം ജില്ലയിൽ ഹീമോഫീലിയ രോഗികൾ കൂടുതലുള്ള കൊണ്ടോട്ടി താലൂക്കിലെ പ്രസ്തുത ആശുപത്രിയെ ഹീമോഫീലിയ രോഗികൾക്കുള്ള സ്ഥിരം സെന്ററാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ജില്ലാ മെഡിക്കൽ ഓഫീസർ ചെയർമാനായ ഒരു അഞ്ചംഗസമിതി ആശുപത്രിയിലെ സൗകര്യങ്ങൾ പരിശോധിച്ച് മേൽ സ്ഥാപനത്തെ സ്ഥിരം സെന്ററാക്കി തിരഞ്ഞെടുക്കുകയും 2022 ആഗസ്റ്റ് മാസം മുതൽ ഹീമോഫീലിയ ചികിത്സ നൽകുവാൻ തുടങ്ങുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ